## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1858 — 17.12.2012-ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ

**ചോദ്യം** — **ഉത്തരം**

ശ്രീ.വി.ഡി.സതീശൻ
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.സി.പി.മുഹമ്മദ്

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) എക്സൈസ് വകുപ്പിൽ പുതിയ ക്രൈം റിക്കാർഡ്സ് ബ്യൂറോയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 25.06.2012 തീയതിയിലെ ജി.ഒ. (എം.എസ്).നം.110/2012/റ്റി.ഡി. ഉത്തരവ് പ്രകാരം, എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു. ടി ബ്യൂറോയുടെ പ്രവർത്തനത്തിന്, താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| ജോയിന്റ് എക്സൈസ് കമ്മീഷണർ | - 1 |
| എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | - 1 |
| എക്സൈസ് ഇൻസ്പെക്ടർ | - 1 |
| പ്രിവന്റീവ് ഓഫീസർ | - 2 |
| സിവിൽ എക്സൈസ് ഓഫീസർ | - 3 |
| ഡ്രൈവർ | - 1 |

(സി) പ്രസ്തുത ബ്യൂറോയുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(സി) 27.10.2012-ലെ ജി.ഒ. (ആർ.ടി.). നം. 813/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം, ബ്യൂറോയുടെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും വ്യക്തമായി നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.

(ഡി) എക്സൈസ് സേനയുടെ ആധുനികവത്ക്കരണത്തിനും കേസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതല വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥന് നൽകുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതല, എക്സൈസ് വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥനായ ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ് നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.

# അനുബന്ധം

1. സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുക.
2. ബന്ധപ്പെട്ട് എക്സൈസ് അന്വേഷണ ഉദ്യോഗസ്ഥരോ, പബ്ലിക് പ്രോസിക്യൂട്ടർമാരോ ആവശ്യപ്പെടുന്ന മുറയ്ക്ക് കുറ്റകൃത്യങ്ങളെപറ്റിയും, കുറ്റവാളികളെപറ്റിയും ഉള്ള വിവരം നൽകുകയും, അവ സൂക്ഷിക്കുകയും, ഏകോപിപ്പിക്കുകയും ചെയ്യുക.
3. സംസ്ഥാനത്തെ- ജില്ലാ തലങ്ങളിൽ ക്രൈം റിക്കോർഡ്സ് മാനേജ്മെന്റിനെ മേൽനിരീക്ഷണം ചെയ്യുകയും വിലയിരുത്തുകയും, വഴികാട്ടുകയും ആധുനികവത്കരിക്കുകയും ചെയ്യുക.
4. എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തിനായി ദേശീയ-സംസ്ഥാനതല കുറ്റവാളികളുടേയും, അബ്ക്കാരി, എൻ.ഡി.പി.എസ്, എം.ആന്റ്.റ്റി.പി കുറ്റങ്ങളുടേയും ഒരു സംശയ ദുരീകരണ കേന്ദ്രമായി പ്രവർത്തിക്കുക.
5. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ വിവരങ്ങളുൾപ്പെടെ മറ്റെല്ലാത്തരം വിവരങ്ങളും ശേഖരിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.
6. ജില്ലാതലങ്ങളിലെ കുറ്റകൃത്യ സ്ഥിതിവിവര കണക്ക് ശേഖരിക്കുകയും, തരംതിരിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
7. അറസ്റ്റു ചെയ്തവരുടേയും, പിടികിട്ടാപുള്ളികളുടേയും സ്ഥിതിവിവരകണക്ക് ശേഖരിക്കുകയും, സൂക്ഷിക്കുകയും ചെയ്യുക.
8. ക്രൈം രജിസ്ട്രേഷൻ, ക്രൈം അന്വേഷണം, അന്തിമ റിപ്പോർട്ട് സമർപ്പണം തുടങ്ങിയവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുക.
9. കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി സൂക്ഷിക്കുക.
10. എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ, വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്നതും, ആയതിൻ പ്രകാരം സംസ്ഥാന വിവരാവകാശ ഉദ്യോഗസ്ഥനേയും, അപ്പലേറ്റ് അതോറിട്ടിയേയും യഥാവിധി നിയമിക്കേണ്ടതുമാണ്.
11. കോടതി വിചാരണയുടേയും നടപടി ക്രമങ്ങളുടേയും ഫലം പരിശോധിച്ച് കേസുകൾ തുടർന്ന് നടത്തുന്നതിനാവശ്യമായ വിവരങ്ങൾ കീഴുദ്യോഗസ്ഥർക്ക് നൽകുക.
12. മൈക്രോ ഫിലിമിങ്ങ്, ലാമിനേറ്റിങ്ങ് തുടങ്ങിയ നൂതന മാർഗ്ഗങ്ങളുപയോഗിച്ച് റിക്കോർഡുകളും വിവരങ്ങളും ശേഖരിച്ച് സൂക്ഷിക്കുക.
13. മറ്റു സംസ്ഥാനങ്ങളിലും കേന്ദ്രത്തിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുക.
14. കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിങ്ങ് കേസ്സുകളുടെ അന്വേഷണവും നടപടി ക്രമങ്ങളും വിലയിരുത്തുക.

SECTION OFFICER